## പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ :4247      25/06/2014 ൽ മറുപടിയ്ക്ക്

### ഒ.ബി.സി വിദ്യാർത്ഥികൾക്ക് പ്രീമെട്രിക് & പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ്

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. ഐ.സി ബാലകൃഷ്ണൻ<br>ശ്രീ. വി.പി സജീന്ദ്രൻ<br>ശ്രീ.റ്റി.എൻ. പ്രതാപൻ<br>ശ്രീ.സണ്ണി ജോസഫ് | | ശ്രീ. എ.പി. അനിൽകുമാർ<br>(പട്ടികജാതി - പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി) | |
| (എ) | ഒ.ബി.സി വിദ്യാർത്ഥികൾക്ക് പ്രീമെട്രിക് & പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ് നൽകുന്നതിന് തുടക്കം കുറിച്ചിട്ടുണ്ടോയെന്ന് വിശദമാക്കുമോ ; | (എ) | ഉണ്ട്. 2010-11 മുതൽ ഒ.ബി.സി പോസ്റ്റ്മെട്രിക് സ്കോളർഷിപ്പും (100 % CSS) 2011-12 മുതൽ ഒ.ബി.സി പ്രീമെട്രിക് സ്കോളർഷിപ്പും (50 % CSS & 50% State) അനുവദിച്ചിട്ടുണ്ട്. ഒ.ബി.സി പോസ്റ്റ് മെട്രിക് കുടുംബ വാർഷിക വരുമാന പരിധി 100000/- രൂപയും പ്രീമെട്രിക് -നുള്ള പരിധി 44500/- രൂപയുമാണ്. |
| (ബി) | എന്തെല്ലാം നേട്ടങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ ; | (ബി) | പിന്നാക്ക സമുദായങ്ങളുടെ വിദ്യാഭ്യാസ പുരോഗതി ഉറപ്പ് വരുത്തുവാനും അതുവഴി സാമൂഹ്യ പുരോഗതി നേടുന്നതിന് സഹായിക്കുകയുമാണ് ഈ സ്കോളർഷിപ്പ് കൊണ്ട് ഉദ്ദേശിക്കുന്നത്. സാമ്പത്തിക പരാധീനതയുടെ പേരിൽ പിന്നോക്ക വിഭാഗക്കാരുടെ വിദ്യാഭ്യാസം തടസ്സപ്പെടരുത് എന്നതാണ് സ്കോളർഷിപ്പ് നൽകുന്നതിന്റെ ഉദ്ദേശം. |
| (സി) | എന്തെല്ലാം ധനസഹായങ്ങളാണ് പ്രസ്തുത പദ്ധതി വഴി നൽകാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ ; | (സി) | പ്രീമെട്രിക് തലത്തിൽ നൽകി വരുന്ന പ്രതിവർഷ സ്കോളർഷിപ്പ് തുക ചുവടെ രേഖപ്പെടുത്തുന്നു.<br>1 മുതൽ 5 വരെ ക്ലാസ്സുകൾ - 750/- രൂപ<br>6 മുതൽ 8 വരെ ക്ലാസ്സുകൾ - 900/- രൂപ<br>9,10 ക്ലാസ്സുകൾ - 1000/- രൂപ |

| | | | |
|---|---|---|---|
| | | | പോസ്റ്റ്മെട്രിക് തലത്തിൽ പ്രതിമാസം 160/- രൂപാ സ്റ്റൈപ്പന്റ് കൂടാതെ കോഴ്സ് ഫീസ്, പരീക്ഷാ ഫീസ് മുതലായവയും അനുവദിച്ച് നൽകുന്നു. |
| (ഡി) | പ്രോഗ്രാമിന്റെ നടത്തിപ്പിനായി ഭരണതലത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ? | (ഡി) | ഒ.ബി.സി പ്രീമെട്രിക് സ്കോളർഷിപ്പ് നടത്തിപ്പ് പിന്നാക്ക സമുദായ വികസന വകുപ്പ് ഐ.ടി സ്കൂളിന്റെ സാങ്കേതിക സഹായത്തോടെ ഓൺലൈനായി നടപ്പാക്കി വരുന്നു.<br>ഒ.ബി.സി പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ് പട്ടികജാതി വികസന വകുപ്പ് ഇ - ഗ്രാന്റ്സ് സംവിധാനത്തിലൂടെ ഓൺലൈനായും നടപ്പിലാക്കുന്നു. അപേക്ഷകൾ അക്ഷയ കേന്ദ്രം വഴി അപ്‌ലോഡ് ചെയ്ത് വിദ്യാഭ്യാസ സ്ഥാപനങ്ങൾ ശുപാർശ ചെയ്ത് ജില്ലാ പട്ടികജാതി വികസന ഓഫീസിലേയ്ക്ക് അയക്കുന്നു. അവ പരിശോധിച്ച് അർഹരായ അപേക്ഷകർക്ക് സ്കോളർഷിപ്പ് അനുവദിക്കുന്നു. തുക വിദ്യാർത്ഥികളുടെ അക്കൗണ്ടിലേക്ക് പട്ടികജാതി വികസന വകുപ്പ് മുഖേന നൽകുന്നു. |

**സെക്ഷൻ ഓഫീസർ**